(ബി) ഈ സർക്കാർ ഇതിനകം എടുത്ത ആകെ വായ്പകൾ എത്രയാണ്; ഓരോ വർഷവും എടുത്ത വായ്പകളെ സംബന്ധിച്ച് വിശദമാക്കാമോ;

(സി) ഓരോ വർഷവും മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇതുവരെ എടുത്ത കടത്തിന്റെ എത്ര ശതമാനം തന്നാണ്ടിൽ പദ്ധതിപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയുണ്ടായി; വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) കടമെടുക്കുന്ന വായ്പകൾ പൂർണ്ണമായും പദ്ധതി പ്രവർത്തനങ്ങൾക്കു വേണ്ടിയാണ് വിനിയോഗിക്കുന്നത്. എന്നാൽ ചില വർഷങ്ങളിൽ സംസ്ഥാനത്തിന്റെ കടമിതര വരുമാനം റവന്യൂ ചെലവുകൾ നേരിടുന്നതിന് അപര്യാപ്തമായി വരുന്നതിനാൽ കടമെടുപ്പിന്റെ കുറച്ചുഭാഗം പദ്ധതിയേതര ചെലവുകൾക്ക് വിനിയോഗിക്കേണ്ടിവന്നിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കടപ്പത്രങ്ങൾ വഴി 59463 കോടി രൂപയും നബാർഡിൽ നിന്ന് 2364.01 കോടി രൂപയും വിദേശ വായ്പായിനത്തിൽ 2541.57 കോടി രൂപയും വായ്പയെടുത്തിട്ടുണ്ട്. കൂടാതെ ദേശീയ ലഘുസമ്പാദ്യ പദ്ധതി ഫണ്ടിൽനിന്നും 2826.51 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

(സി) വിവിധ സ്രോതസ്സുകളിൽനിന്നും എടുത്ത വായ്പയുടെ മുഴുവൻ തുകയും 'Consolidated fund'-ൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. 'Consolidated fund'-ൽ മറ്റ് വരുമാനങ്ങളും ഉൾപ്പെടുന്നതുകൊണ്ട് വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല.

(ഡി) 2011-12, 2012-13 വർഷങ്ങളിൽ എടുത്ത വായ്പ പൂർണ്ണമായും പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചിട്ടുണ്ട്. 2013-14, 2014-15 എന്നീ വർഷങ്ങളിൽ വായ്പയെടുത്ത തുകയുടെ 98.39 ശതമാനവും 91.15 ശതമാനവും പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചിട്ടുണ്ട്.

ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് പദ്ധതി

11 (*161) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ഉണ്ട്.

(ബി) കുറ്റകൃത്യങ്ങളെയും കുറ്റവാളികളെയും കുറിച്ചുള്ള അന്വേഷണത്തിന് സഹായകമാകുന്ന തരത്തിൽ ദേശീയ തലത്തിൽ വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ അടിസ്ഥാന സൗകര്യവികസനം ഒരുക്കുകയും ആദ്യഘട്ടത്തിൽ രാജ്യവ്യാപകമായി 14,000 പോലീസ് സ്റ്റേഷനുകളും 6000 അനുബന്ധ പോലീസ് ഓഫീസുകളും അടുത്ത ഘട്ടത്തിൽ മറ്റ് ഇതര വകുപ്പുകളായ ജയിൽ, ട്രാൻസ്പോർട്ട്, എമിഗ്രേഷൻ, പാസ്പോർട്ട്, സെൻട്രൽ പോലീസ് ഏജൻസീസ് തുടങ്ങിയവയും കമ്പ്യൂട്ടർ ശൃംഖലയിലൂടെ ബന്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനുകീഴിലുള്ള ന്യൂഡൽഹിയിലെ നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയാണ് CCTNS പദ്ധതി നിർവ്വഹണത്തിനുള്ള ദേശീയ നോഡൽ ഏജൻസി. കേരളത്തിൽ ഈ പദ്ധതിയുടെ നോഡൽ ഏജൻസി സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയാണ് (SCRB). CCTNS പദ്ധതി നടപ്പാക്കലുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി ചീഫ് സെക്രട്ടറി തലവനായുള്ള സ്റ്റേറ്റ് അപെക്സ് കമ്മിറ്റി, സ്റ്റേറ്റ് പോലീസ് ചീഫ് തലവനായുള്ള സ്റ്റേറ്റ് എംപവേർഡ് കമ്മിറ്റി, എ.ഡി.ജി.പി. എസ്.സി.ആർ.ബി. തലവനായുള്ള സ്റ്റേറ്റ് മിഷൻ ടീം, ജില്ലാ പോലീസ് മേധാവി തലവനായുള്ള ഡിസ്ട്രിക്ട് മിഷൻ ടീം എന്നിവ രൂപീകരിച്ചിട്ടുണ്ട്. ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റംസ് (CCTNS) കേരളത്തിൽ നടപ്പിലാക്കുന്നതിനായി System Integrator (SI) ആയി TCS Ltd. (Tata Consultancy Services Ltd.) നെയും പദ്ധതിയുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും, പോരായ്മകൾ പരിഹരിക്കുന്നതിനുമായി Accenture Service Private Ltd. -നെ സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായും ചുമതലപ്പെടുത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly